**വളരെ അടിയന്തിരം**

ഭരണഭാഷ – മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-5068/2017/സിഇ/തസ്വഭവ** **തീയതി 11/11/2019**

# സർക്കുലർ

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുന്ന പദ്ധതികളുടെ വിവരങ്ങൾ അടങ്ങുന്ന പട്ടിക 12.11.2019-ാം തീയതിയ്ക്കുള്ളിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിരിക്കുകയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന മേജർ റോഡ് പ്രവൃത്തികൾ, ഷോപ്പിംഗ് കോംപ്ലക്സ്, ആഡിറ്റോറിയം, പാലങ്ങൾ, മറ്റ് കെട്ടിടങ്ങൾ, Innovative project എന്നീ പ്രവൃത്തികളിൽ ഒരു കോടി രൂപയും അതിൽ കൂടുതലും പദ്ധതി ചെലവ് വരുന്നതായ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നത്, അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നത് എന്നിങ്ങനെയുള്ള പ്രവൃത്തികളുടെ വിവരങ്ങളാണ് സമർപ്പിക്കേണ്ടത്. മുകളിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ളതും, എല്ലാത്തരം ഫണ്ട് വിനിയോഗിച്ചും ചെയ്യുന്ന പ്രവൃത്തികൾ സമർപ്പിക്കണം. ഇതിൽ ഒന്നിലധികം ഫണ്ടുകൾ വിനിയോഗിക്കപ്പെടുന്ന പദ്ധതികൾ ഉണ്ടെങ്കിൽ ആയതിന്റെ ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ "റിമാർക്സ്"-ൽ രേഖപ്പെടുത്തേണ്ടതാണ്.

പ്രവൃത്തിയുടെ പേര്, തുക, ഫണ്ട്, നിയോജകമണ്ഡലം, എത്ര വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്, നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണോ എന്നീ വിവരങ്ങളാണ് സമർപ്പിക്കേണ്ടത്. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.celsgd.kerala.gov.in-ന്റെ Proforma Page-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള **Form F-1059-ൽ 12.11.2019-ാം തീയതി 3.00 PM-ന് മുൻപായി** രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലെ വിവരങ്ങൾ അതാത് തസ്വഭവ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നേരിട്ടും, ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ബ്ലോക്ക്പഞ്ചായത്തുകളിൽ നിന്നുമാണ് സമർപ്പിക്കേണ്ടത്.

ചീഫ് എഞ്ചിനീയർ

P 1192